# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2144

06.10.2016-ൽ മറുപടിക്ക്

## ആധാരം സ്വയം തയ്യാറാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഇന്ത്യയിലെ എത്ര സംസ്ഥാനങ്ങളിൽ സ്വന്തമായി ആധാരം എഴുതുവാനും ഫയൽ ചെയ്യുവാനുമുള്ള സൗകര്യമുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കുമോ; | എ) സ്വന്തമായി ആധാരം എഴുതാനും ഫയൽ ചെയ്യുവാനുമുള്ള സൗകര്യം കേരളം ഉൾപ്പെടെ പഞ്ചാബ്, ഹരിയാന, തമിഴ്നാട്, ബീഹാർ, എന്നീ 5 സംസ്ഥാനങ്ങളിലും ഡൽഹിയിലും നിലവിലുണ്ട്. |
| ബി) മാതൃകാ പ്രമാണങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുവാൻ ഏതെല്ലാം സബ് രജിസ്ട്രാർ ഓഫീസുകളിൽ സംവിധാനം ഉണ്ട്; ഇല്ലാത്ത സ്ഥലങ്ങളിൽ ആയത് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു | ബി) കക്ഷികൾക്ക് സ്വന്തമായി ആധാരം തയ്യാറാക്കുന്നതിനുവേണ്ടി, പ്രമാണങ്ങളുടെ മാതൃകകൾ രജിസ്ട്രേഷൻ വകുപ്പിന്റെ www.keralaregistration.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 16.07.2013 തീയതിയിലെ സ.ഉ.(സാധാ)നം.545/13/നിവ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മാതൃകാധാരങ്ങൾ അടിസ്ഥാനമാക്കി, ആധാരങ്ങൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും വ്യവസ്ഥകളും സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 12.08.2016 തീയതിയിലെ ഐ.റ്റി3/30120/10 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിന്റെ കോപ്പി വെബ് സൈറ്റിൽ |

പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേൽ വിഷയത്തിൽ ഇതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

| | | | |
|---|---|---|---|
| സി) | സ്വന്തമായി ആധാരമെഴുതുന്നവർക്ക് സഹായം ചെയ്തു കൊടുക്കുവാൻ തയ്യാറാകാത്ത സബ് രജിസ്ട്രാർമാരുടെ പേരിൽ നടപടി എടുക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) | പരാതി ഒന്നും കിട്ടിയിട്ടില്ല. 71 പേർ മാത്രമാണ് എഴുതിയത്. ഇത് വലിയ ബഹുജനപ്രസ്ഥാനമായി മാറിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**